13

-11527

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ് -ഭരണഭാഷാ വർഷാഘോഷം - 2013 നവംബർ 1 മുതൽ 2014 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

===================================================================

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്)നമ്പർ. 5/2014/ഉഭപവ — തിരുവനന്തപുരം, തീയതി. 05/02/2014.

പരാമർശം: 25.10.2013 തീയതിയിലെ സംസ്ഥാനതല ഔദ്യോഗികഭാഷാ സമിതിയോഗത്തിന്റെ ശിപാർശ.

04 MAR 2014

## ഉത്തരവ്

ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി 2012 നവംബർ 1 മുതൽ 2013 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലം ഭരണഭാഷാവർഷം ആയി ആഘോഷിച്ചിരുന്നു. പ്രസ്തുത ഭരണഭാഷാവർഷം പരിപാടിയിലൂടെ സർക്കാർ നിർദ്ദേശിച്ച നടപടികൾ പല വകുപ്പുകൾക്കും പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന് 2013 ഒക്ടോബർ 25 നു ചേർന്ന സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി യോഗം വിലയിരുത്തുകയും ആയതിനാൽ 2013 നവംബർ 1 മുതൽ 2014 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലം കൂടി ഇപ്പോൾ *നടപ്പിലാക്കി വരുന്ന ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരണമെന്നും പ്രസ്തുത സമിതി ശിപാർശ* ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2013 നവംബർ 1 മുതൽ 2014 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലം കൂടി ഭരണഭാഷാ വർഷമായി ആഘോഷിക്കേണ്ടതാണെന്നും ഈ കാലയളവിലേക്കായി പ്രത്യേകം കർമ്മ പരിപാടി തയ്യാറാക്കി ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരേണ്ടതാണെന്നും നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ കർമപരിപാടിയുടെ പകർപ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാ കളക്ട്രേറ്റുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.സുരേഷ്കുമാർ
സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/
പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/
വകുപ്പുതലവന്മാർ/ജില്ലാ കളക്ടർമാർ
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/
അർദ്ധ സർക്കാർ/ സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർ
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്.
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ